# കറുത്ത പൊന്ന് കൂടുതൽ തിളങ്ങും: മാർക്കറ്റ് ഇന്റലിജൻസ് സെന്റർ

പ്രമുഖ ഉല്പാദക രാജ്യങ്ങളിലെ 2011–12 വർഷത്തേയ്ക്കുള്ള ആഭ്യന്തര, ആഗോളതല ഉല്പാദനത്തിന്റെ കുറവ് കണക്കിലെടുത്ത് കുരുമുളക് വില ഉയരുവാനുള്ള സാദ്ധ്യത ഈ സീസണിന്റെ തുടക്കത്തിൽ തന്നെ കാർഷിക സർവ്വകലാശാലയിലെ അഗ്രികൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ ഫെബ്രുവരി രണ്ടിനു പുറത്തിറക്കിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. കുരുമുളക് വില റിക്കോർഡിലേക്കു കയറുന്ന ഈ സാഹചര്യത്തിൽ, അഗ്രികൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ കൊച്ചി വിപണിയിലെ കഴിഞ്ഞ 17 വർഷത്തെ പ്രതിമാസ കുരുമുളക് വിലയെ അടിസ്ഥാനമാക്കി നടത്തിയ പഠനത്തിൽ നിന്നും, മാർക്കറ്റ് സർവേ വഴി വിപണി വിശകലനം ചെയ്തതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. കുരുമുളക് സീസണിന്റെ ആദ്യ പകുതിയിൽ വിയറ്റ്നാമിലെ ഉല്പാദനവും, രണ്ടാം പകുതി ഇന്തോനേഷ്യയിലെ ഉല്പാദനവുമാണ് ആഗോള വിപണിയെ സ്വാധീനിക്കുന്നത്. കുരുമുളക് ഉല്പാദനത്തിൽ ഒന്നാമത് നില്ക്കുന്ന വിയറ്റ്നാം വൻ തോതിൽ സ്റ്റോക്ക് വിറ്റഴിച്ചതായാണു മനസ്സിലാകുന്നത്. അവർ 65,000 ടണ്ണിലേറെ കുരുമുളക് വിറ്റഴിച്ചതായി റിപ്പോർട്ടുകളുണ്ട്. പ്രമുഖ ഉല്പാദക രാജ്യങ്ങളിലൊന്നായ ഇന്തോനേഷ്യയിൽ വിളവെടുപ്പു പൂർത്തിയായതായും, ഉല്പാദനം പരിമിതമാണെന്നും ചില റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പ്രത്യേകിച്ച് 60 ശതമാനത്തിലേറെ ഉല്പാദിപ്പിക്കുന്ന ലംപ്പൂഗിൽ ഉല്പാദനം കുറവാണെന്ന റിപ്പോർട്ടുകൾ ഇന്ത്യൻ വിപണിക്കു പ്രതീക്ഷ നല്കുന്ന ഘടകമാണ്. തന്മൂലം സീസണിന്റെ രണ്ടാം പകുതിയിൽ കാര്യമായ സ്വാധീനം ചെലുത്താൻ ഇന്തോനേഷ്യയ്ക്കാവില്ല എന്ന് അനുമാനിക്കാം. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ പരിമിതമായ ഉല്പാദനം ബ്രസീലിൽ നിന്നുള്ള കുരുമുളകിന്റെ ഉല്പാദനത്തിൽ കുറവുണ്ടാക്കുമെന്ന സൂചനയാണു നല്കുന്നത്.

2. ഉത്തരേന്ത്യയിൽ ശീതകാലം ശക്തി പ്രാപിക്കുന്നതോടെയും, ദസ്സറ, ദുർഗ്ഗാപൂജ, ദീപാവലി മുതലായ ഉൽസവ സീസണിലെ വർദ്ധിച്ച ഡിമാന്റും, യൂറോപ്യൻ അമേരിക്കൻ രാജ്യങ്ങളിൽ ക്രിസ്തുമസിനു മുൻപുള്ള വിപണിയിലെ ഉണർവും കുരുമുളക് വിപണിയ്ക്കു ശക്തി പകരുന്ന ഘടകങ്ങളാണ്.

3. കുരുമുളകിനു വില കൂടിത്തുടങ്ങിയപ്പോൾ തന്നെ ഭൂരിഭാഗം ചെറുകിട കർഷകരും അവരുടെ സ്റ്റോക്ക് വിറ്റഴിച്ചു. എന്നാൽ വൻകിട കർഷകരും, ഇടത്തരം കച്ചവടക്കാരും, കയറ്റുമതി രംഗത്തെ പ്രമുഖരുമാണ് ഇപ്പോഴും ചരക്ക് പിടിച്ചു വെച്ചിരിക്കുന്നത് എന്നാണ് അറിയുവാൻ സാധിച്ചത്.

4. ഷെയർ മാർക്കറ്റിൽ നില നില്ക്കുന്ന അനിശ്ചിതത്വം മൂലം നിക്ഷേപകർ തങ്ങളുടെ നിക്ഷേപം കുരുമുളക് പോലുള്ള കമ്മോഡിറ്റിയിലേക്കു തിരിച്ചുവിടുന്നുണ്ട്. ഇത്തരത്തിലുള്ള ഊഹാപോഹങ്ങൾ ശക്തമായി കുരുമുളക് വില കൂടുന്നതിനു കാരണമാകുന്നുണ്ടെങ്കിലും, അനിവാര്യമായ മാറ്റങ്ങൾ വരും മാസങ്ങളിൽ വിപണിയിൽ കാണുവാൻ സാധിക്കും.

മേല്പ്പറഞ്ഞ സാഹചര്യങ്ങളെ മുൻ നിർത്തി, വരുന്ന മൂന്നു മാസങ്ങളിൽ (സെപ്റ്റംബർ 2011 –നവംബർ 2011) കുരുമുളക് വില കിലോയ്ക്ക് 305 - 325 എന്ന നിലവാരത്തിലെത്തുവാനുള്ള സാദ്ധ്യത ഉണ്ടെന്ന് അഗ്രികൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ പുറത്തിറക്കിയ പത്രക്കുറിപ്പിൽ അറിയിക്കുന്നു.